(ബി) റേഷനരിയുടെയും മറ്റ് റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും ഗുണനിലവാരവും തരംതിരിവും നിർണ്ണയിക്കുന്നതിനും പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനമെന്താണ് ;

(സി) 'ഇരുമ്പരി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഉപയോഗശൂന്യമായ അരി റേഷൻ കടകളിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ ;

(ഡി) ആ അരി ഇപ്പോഴും സർക്കാരിന്റെ പക്കൽ സ്റ്റോക്കുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ചിലപ്പോഴും പരാതികൾ കിട്ടാറുണ്ടെങ്കിലും ഇപ്പോൾ ഇത്തരം പരാതികൾ താരതമ്യേന കുറവാണ്.

(ബി) ജില്ലാ സപ്ലൈ ഓഫീസർമാരും ഫുഡ് കോർപ്പറേഷൻ ജില്ലാ മാനേജർമാരും ഒരുമിച്ച് ഫുഡ് കോർപ്പറേഷന്റെ ഡിപ്പോകളിലുള്ള സ്റ്റോക്ക് പരിശോധിച്ചതിനുശേഷമാണ് വിതരണത്തിനായി വിട്ടുകൊടുക്കുന്നത്.

(സി) ഇപ്പോൾ ഈ അരി വിതരണം ചെയ്യുന്നില്ല.

(ഡി) ഇല്ല.

റെയിൽവേ വികസനം

* 323. [349] ശ്രീ. പി. വിജയദാസ് :
,, ആർ. എസ്. ഉണ്ണി :
,, കെ. കെ. ബാലകൃഷ്ണൻ :
,, എ. സി. ഷൺമുഖദാസ് :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം പുതിയ റെയിൽവേ ലൈനുകൾ വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ ഏതെല്ലാം അനുവദിക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട് ;

(സി) ഈ ഗവൺമെൻറിന്റെ കാലത്ത് റെയിൽവേ വികസന പദ്ധതികൾ പ്രകാരം 30-9-1986 വരെ ഏതെല്ലാം പണികൾ സംസ്ഥാനത്ത് റെയിൽവേ വകുപ്പ് നടത്തിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം റെയിൽവേ ലൈനുകൾക്കുവേണ്ടി സർവേ നടക്കുന്നുവെന്ന് പറയാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഗുരുവായൂർ–കുറ്റിപ്പുറം ലൈൻ, തലശ്ശേരി–മൈസൂർ ലൈൻ, കോട്ടയം–മധുര ലൈൻ, ബോംബെക്കുള്ള തീരദേശ റെയിൽപ്പാത, എറണാകുളം–തിരുവനന്തപുരം ലൈൻ ഇരട്ടിപ്പിക്കൽ, കായംകുളത്തിനും തിരുവനന്തപുരത്തിനും മദ്ധ്യേ പുതിയ റെയിൽപ്പാത എന്നീ പദ്ധതികൾ അനുവദിക്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കടുത്ത സാമ്പത്തിക പരാധീനത മൂലവും, വിഭവലഭ്യതയുടെ അപര്യാപ്തത മൂലവും, 7-ാം പദ്ധതിക്കാലത്ത് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ നിർവ്വാഹമില്ലെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മധുര–ബോഡിനായക്കന്നൂർ മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജാക്കുന്നതിനും, ബോഡിനായക്കന്നൂർ–കൊച്ചി ബ്രോഡ്ഗേജ് ലൈൻ നിർമ്മിക്കാനുള്ള സർവേയും, ചെങ്ങന്നൂർ–തിരുവനന്തപുരം ലൈൻ ഇരട്ടിപ്പിക്കുന്നതിനും കൂടെ ചെങ്ങന്നൂർ, കായംകുളം, കൊട്ടാരക്കര, നെടുമങ്ങാട് വഴി തിരുവനന്തപുരത്തേക്ക് 134 കി. മീ. ദൈർഘ്യമുള്ള ഒരു ലൈൻ നിർമ്മിക്കുന്നതിനുമുള്ള എഞ്ചിനീയറിംഗ് കം-ട്രാഫിക് സർവേ നടന്നുവരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് സഹായം

* 324. -[350] ശ്രീ: സി, കെ. തങ്കപ്പൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. കേശവൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനി കിറ്റ് പരിപാടി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട നാമമാത്ര കർഷകർക്ക് ചെയ്തുകൊടുത്തിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പരിപാടിക്ക് ഇതുവരെ ചെലവാക്കിയ സംഖ്യ എത്ര ;

(സി) ഈ പദ്ധതിപ്രകാരം ഈ സർക്കാർ ഓരോ വർഷവും വിതരണം ചെയ്ത തെങ്ങിൻ തൈകൾ എത്ര വീതം ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) മിനി കിറ്റു പരിപാടിയനുസരിച്ച് ഒരു ലക്ഷത്തി അൻപത്തിയയ്യായിരത്തി അഞ്ഞൂറ്റി അറുപത്തിഅഞ്ചു (1,55,565) പയർ മിനി കിറ്റും നാല്പത്തൊൻപതിനായിരത്തി അഞ്ഞൂറ്റിപ്പതിമൂന്നു (49,513) എള്ള് മിനി കിറ്റും ഏഴായിരത്തി ഒരുന്നൂറ്റിഅഞ്ച് . (7,105) നിക്കടല മിനി കിറ്റും പത്തുലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തഞ്ച് (10,60,525) തെങ്ങിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപത്തോരായിരത്തി എഴുന്നൂറ്റിയഞ്ച് (21,705) ഹെക്ടർ പ്രദേശത്ത് മൂവികസന പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

(ബി) നാന്നൂറ്റി നാൽപ്പത്തഞ്ച് ലക്ഷം രൂപ (4,45 ലക്ഷം രൂപ).

(സി) 1984-85-ൽ ഒരുലക്ഷത്തിപതിനായിരത്തി തൊള്ളായിരത്തി പതിനഞ്ച് (1,10,915) 1985-86-ൽ അഞ്ചുലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റിപത്തും (5,09,610) 1986-87-ൽ നാലു ലക്ഷത്തിനാൽപ്പതിനായിരം (4,40,000) തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്

* 325. [351] ശ്രീ. കെ.പി. രാമൻ :
,, പി.വി. മുഹമ്മദ് :
,, സി.റ്റി. അഹമ്മദ് അലി :
,, പി.കെ. കുഞ്ഞാലിക്കുട്ടി :
,, പി.എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിന്റെ പ്രവർത്തനം എന്നാണാരംഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly